പുസ്തകം

## മനുഷ്യാവകാശങ്ങളുടെ ഇസ്‌ലാമിക പരിപ്രേക്ഷ്യം

മാഹിർ ഹാതൂത്, ഉസ്മ ജമീൽ, ഗസ്സാർ ഹാതൂത്, നയ്യർ അലി- സമകാലിക മനുഷ്യാവകാശ പ്രശ്നങ്ങളെ ഇസ്‌ലാമിക ചട്ടക്കൂടിൽ നിന്നുകൊണ്ട് വിശകലനം ചെയ്യുന്ന ഒരു പറ്റം ഗവേഷകരാണിവർ. ഇസ്‌ലാമിക ചരിത്രത്തിലെ ക്ലാസിക്കൽ നിയമ പുസ്തകങ്ങളിൽ പറയുന്ന പലതും നമ്മുടെ കാലത്ത് പ്രസക്തമല്ലെന്നും അതിനാൽ ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളായ ഖുർആന്റെയും നബിചര്യയുടെയും ആത്മാവിനോട് നീതി പുലർത്തുന്ന പുതിയ ചിന്തകൾ ആവശ്യമാണെന്നും അവർ കരുതുന്നു. ഇത്തരം ചിന്തകൾ ഉൾക്കൊള്ളുന്ന അവരുടെ പ്രബന്ധങ്ങളുടെ ഒരു സമാഹാരം പുറത്തിറങ്ങി- 'നീതിക്കായുള്ള അന്വേഷണം: മനുഷ്യാവകാശങ്ങളുടെ നിയമശാസ്ത്രം ഇസ്‌ലാമിൽ' (In pursuit of Justice: The Jurisprudence of Human Rights in Islam) എന്ന പേരിൽ. മനുഷ്യാവകാശങ്ങൾ, വിശ്വാസ സ്വാതന്ത്ര്യം, സ്ത്രീകളുടെ പദവി, അമുസ്‌ലിം പൗരന്മാർ തുടങ്ങിയ വിഷയങ്ങളിലാണ് മുഖ്യ ചർച്ച.

"പ്രവാചകനെതിരെ യുദ്ധം ചെയ്ത ആളുകളിൽനിന്ന് അവർ മുസ്‌ലിം ആധിപത്യം അംഗീകരിച്ചുവെന്നതിന്റെ പ്രതീകാത്മക തെളിവായി ജിസ്‌യ എന്ന പേരിൽ ഒരു പ്രത്യേക നികുതി ഈടാക്കിയിരുന്നു. അത് ഒരു തരത്തിലുള്ള നഷ്ടപരിഹാരം ഒടുക്കലായിരുന്നു എന്നും പറയാം. പിൽക്കാലങ്ങളിൽ, സൈനികസേവനത്തിന് പകരമായിട്ടാണ് അമുസ്‌ലിം പൗരന്മാരിൽനിന്ന് ജിസ്‌യ ഈടാക്കിയിരുന്നത്... എന്നാൽ നമ്മുടെ കാലത്ത് ഭരണകൂടത്തെ ഔപചാരികമായി അംഗീകരിക്കുക എന്ന അർഥമേ ഇതിന് കൽപിക്കേണ്ടതുള്ളൂ. ഇക്കാര്യത്തിൽ ഒരു ഇസ്‌ലാമിക ഭരണക്രമത്തിൽ മുസ്‌ലിമെന്നോ അമുസ്‌ലിമെന്നോ ഉള്ള വേർതിരിവും ഉണ്ടാവാൻ പാടില്ല. പണം നൽകി നിങ്ങൾ നിങ്ങളുടെ കൂറ് തെളിയിക്കൂ എന്ന് ഒരു പൗരനോടും ഇസ്‌ലാമിക ഭരണകൂടം ആവശ്യപ്പെടുകയില്ല". വളരെ വിവാദങ്ങൾക്ക് വഴിവെച്ച ജിസ്‌യ സമ്പ്രദായത്തെക്കുറിച്ച് മാഹിർ ഹാതൂതും സംഘവും എത്തിച്ചേർന്ന നിഗമനത്തെ ഇങ്ങനെ സംഗ്രഹിക്കാം.

മുസ്‌ലിം നാടുകളെ മാത്രം 'സുരക്ഷിത ഗേഹങ്ങളാ'യി കാണുന്ന ക്ലാസിക്കൽ നിയമജ്ഞരുടെ വാദങ്ങൾ ഇക്കാലത്ത് പ്രസക്തമല്ലെന്നും ഗ്രന്ഥകാരന്മാർ പറയുന്നു. ഇന്ന് കുടിയേറ്റങ്ങൾ നടക്കുന്നത് നേർവിരുദ്ധ ദിശയിലാണ്. മുസ്‌ലിം നാടുകളിലുള്ളവർ അമുസ്‌ലിം നാടുകളിൽ ചേക്കേറുന്ന പ്രവണതയാണ് ഇരുപതാം നൂറ്റാണ്ടിൽ കാണാൻ കഴിഞ്ഞത്. ബ്രിട്ടീഷ് ഇന്ത്യയിൽ കൊളോണിയൽ ഭരണം തകർന്ന ശേഷം ദക്ഷിണേഷ്യയിൽനിന്ന് ബ്രിട്ടനിലേക്ക് വൻതോതിൽ കുടിയേറ്റം ഉണ്ടായി. യൂറോപ്യൻ നാടുകളിലേക്ക് അറബ് വംശജരുടെ കുടിയേറ്റമാണ് മറ്റൊന്ന്. മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനും തൊഴിലിനും വേണ്ടിയായിരുന്നു ഈ കുടിയേറ്റങ്ങൾ മിക്കതും. ഇതിനുള്ള മാതൃക പ്രവാചകന്റെ ജീവിതകാലത്തുനിന്ന് തന്നെ നമുക്ക് കണ്ടെടുക്കാം. ഒരു ക്രിസ്ത്യൻ രാജാവ് ഭരിച്ചിരുന്ന എത്യോപ്യയിലേക്കാണ് പ്രവാചകന്റെ അനുയായികളിൽ ഒരു വിഭാഗം പലായനം ചെയ്തത്. പ്രവാചകന്റെ കാലത്തും നമ്മുടെ കാലത്തും താരതമ്യേന മെച്ചപ്പെട്ട സുരക്ഷയാണ് മുസ്‌ലിമേതര നാടുകളിൽ മുസ്‌ലിംകൾക്ക് ലഭിച്ചത്. ഇരു കാലത്തെയും പലായനങ്ങളുടെ ലക്ഷ്യങ്ങൾ ഭിന്നമായിരുന്നു എന്നത് വേറെ കാര്യം.

മുസ്‌ലിം നാടുകളിൽ പരമ്പരാഗതമായി സ്ത്രീകൾക്കെതിരെ പലതരം വിലക്കുകളും നിയന്ത്രണങ്ങളും നിലനിൽക്കുന്നുണ്ട്. ഇതെല്ലാം സാധാരണ ഇസ്‌ലാമിന്റെ ചെലവിൽ എഴുതുകയാണ് പതിവ്. പാരമ്പര്യ വിലക്കുകളും ഇസ്‌ലാമിക വിലക്കുകളും വേർതിരിച്ചുതന്നെ മനസ്സിലാക്കേണ്ടതുണ്ട്. എങ്കിലേ മുസ്‌ലിം സ്ത്രീശാക്തീകരണ ചർച്ച ഫലപ്രദമാവൂ എന്നാണ് ലേഖകർ വാദിക്കുന്നത്.

ധാരാളം റഫറൻസുകളും അടിക്കുറിപ്പുകളും ചേർത്ത് സൂക്ഷ്മമായി തയാറാക്കിയ ഗവേഷണ പഠനങ്ങളുടെ സമാഹാരമാണിതെന്ന് പുസ്തകം റിവ്യൂ ചെയ്തുകൊണ്ട് അബ്ദുൽ ആലിം എഴുതുന്നു (*ഇസ്‌ലാമിക് വോയ്സ്* ജൂലൈ 2007). മുസ്‌ലിം പബ്ലിക് അഫയേഴ്സ് കൗൺസിലാണ് 485 പേജുള്ള പുസ്തകം പ്രസിദ്ധീകരിക്കുന്നത്. വില 12.95 അമേരിക്കൻ ഡോളർ. amazon.com വഴി വാങ്ങാൻ സൗകര്യമുണ്ട്. ■

## അൽജമാഅയെ രഹസ്യാന്വേഷണ വിഭാഗം കെണിയിൽ വീഴ്ത്തുമോ?

തങ്ങൾ പിന്തുടർന്നു വന്ന തീവ്രവാദ നിലപാടുകൾ തെറ്റായിരുന്നുവെന്ന് ഈജിപ്തിലെ അൽജമാഅഃ അൽ ഇസ്‌ലാമിയ്യ, അൽജിഹാദ് എന്നീ സംഘടനകൾ ഈയിടെ കുറ്റസമ്മതം നടത്തുകയുണ്ടായി. ഇഖ്‌വാനുൽ മുസ്‌ലിമൂന്ന് തീവ്രത പോരാ എന്ന് പറഞ്ഞ് തെറ്റിപ്പിരിഞ്ഞു പോയവരാണ് ഈ രണ്ട് സംഘടനകളും ഉണ്ടാക്കിയത്. അതായത് ഇഖ്‌വാന്റെ നിലപാടിലേക്ക് തന്നെ അവർ തിരിച്ചുവന്നു എന്നർഥം. എങ്കിൽപിന്നെ ഈജിപ്തിൽ ഈ സംഘടനകൾക്കുള്ള പ്രസക്തിയെന്ത്? ഈജിപ്തിൽ ഈയിടെ നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പുകളിൽ രണ്ട് സംഘടനകളും ഇഖ്‌വാന് വോട്ടു ചെയ്യാൻ അണികളെ ഉപദേശിച്ചിരുന്നു.

പുതിയ സാഹചര്യത്തിൽ എങ്ങനെ മുന്നോട്ടു പോകും എന്ന കാര്യത്തിൽ ഇരു സംഘടനകളിലെയും നേതാക്കൾ ഒരു തീരുമാനത്തിലെത്തിയിട്ടില്ല. തീവ്രത ഒഴിവാക്കുകയും സംഘടനയായി നിലനിൽക്കുകയും ചെയ്യണമെങ്കിൽ ഇഖ്‌വാൻ സമർപ്പിക്കുന്നതിന് ബദലായി ഒരു നയസമീപനരേഖയും പ്രവർത്തന പരിപാടിയും മുന്നോട്ടു വെക്കാൻ അവർക്ക് കഴിയണം. എന്നാൽ പിടിച്ചുനിൽക്കാൻ കഴിഞ്ഞേക്കും.

അത് സാധ്യമാവാത്ത പക്ഷം, കുപ്രസിദ്ധ ഈജിപ്ഷ്യൻ രഹസ്യാന്വേഷണ വകുപ്പ് ഈ രണ്ട് സംഘടനകളെയും ഇഖ്‌വാനെ അടിക്കാനുള്ള വടിയായി ഉപയോഗിക്കില്ലേ എന്ന ആശങ്ക അസ്ഥാനത്തല്ല. പല അടവുകൾ പയറ്റിയിട്ടും ഇഖ്‌വാന്റെ ജനസ്വീകാര്യത വർധിച്ചുവരുന്നത് ഭരണകൂടത്തെ വല്ലാതെ അസ്വസ്ഥമാക്കുന്നുണ്ട്. ഇസാം ദർബാല, സയ്യിദ് അ

ബ്ദുൽ മജീദ്, അബൂദ് സുമർ തുടങ്ങിയവർ നേതൃത്വം നൽകുന്ന മേൽപറയപ്പെട്ട സംഘടനകൾ ഭരണകൂടം ഒരുക്കുന്ന കെണിയിൽ വീണ് ഇഖ്‌വാനെതിരെ സായുധ പോരാട്ടത്തിന് ഒരുങ്ങില്ലെന്ന ശുഭാപ്തിക്കാരനാണ് അറബ് രാഷ്ട്രീയ നിരീക്ഷകനായ മുഹമ്മദ് അഹ്‌മദ് നസ്ർ (*അൽ മുജ്തമഅ്* വാരിക 2007 ജൂൺ 15).

അതിന് അദ്ദേഹം പറയുന്ന കാരണങ്ങൾ രണ്ടാണ്: ഒന്ന്, തീവ്രവാദത്തിലേക്ക് പോയപ്പോഴും 'അൽജമാഅ'യുമായോ 'അൽജിഹാദു'മായോ സംഘർഷമോ ഉരസലോ ഇല്ലാതിരിക്കാൻ ഇഖ്‌വാൻ നേതൃത്വം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഇരു സംഘടനകളും തീവ്രവാദ നിലപാടുകൾ പുനഃപരിശോധിക്കുകയും ചിന്താപരമായി ഇഖ്‌വാനുമായി കൂടുതൽ അടുക്കുകയും ചെയ്ത ഈ സന്ദർഭത്തിൽ ഏറ്റുമുട്ടലിനുള്ള സാധ്യത വീണ്ടും കുറയുകയാണ്. രണ്ട്, ഇസ്‌ലാമിക പ്രസ്ഥാനം ഒരു ദേശത്ത് ഒന്നിലധികമുണ്ടാവുന്നതിന് വിരോധമില്ല എന്ന അഭിപ്രായമാണ് ഇഖ്‌വാൻ വെച്ചുപുലർത്തുന്നത്. 'യോജിപ്പുള്ളതിൽ നമുക്ക് സഹകരിക്കാം, ഭിന്നാഭിപ്രായമുള്ള കാര്യങ്ങളിൽ നമുക്ക് പരസ്പരം ഒഴികഴിവ് പറയാം' എന്ന് ഇഖ്‌വാന്റെ സ്ഥാപക നേതാവ് ഇമാം ബന്നാ വ്യക്തമാക്കിയിട്ടുണ്ട്. ഒരുപടികൂടി മുന്നോട്ടു കടന്ന് ഇഖ്‌വാന്റെ മുൻ കാര്യദർശി മഅ്മൂനുൽ ഹുദൈബി പറഞ്ഞു: "ഇസ്‌ലാമിക സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും ബഹുത്വത്തെ ഇഖ്‌വാൻ അംഗീകരിക്കുക മാത്രമല്ല സ്വാഗതം ചെയ്യുകയും ചെയ്യുന്നു."

ഇടത്തിനു വേണ്ടിയുള്ള തർക്കം ഈ മൂന്ന് സംഘടനകൾ തമ്മിൽ ഉണ്ടാവില്ലെന്നാണ് ലേഖകന്റെ പ്രതീക്ഷ. ■

## ഒമ്പത് ലക്ഷം വാക്കുകളുമായി ഉർദു-ഇംഗ്ലീഷ് നിഘണ്ടു

ഒടുവിൽ യഅ്ഖൂബ് മീരാൻ മുജ്തഹിദിയുടെ മുഖത്ത് അപ്രാപ്യമെന്ന് തോന്നിച്ച ലക്ഷ്യം സാക്ഷാത്കരിക്കാൻ കഴിഞ്ഞതിലുള്ള സംതൃപ്തി. കാൽ നൂറ്റാണ്ട് കാലമായി മുജ്തഹിദി തന്റെ എഴുത്തുമുറിയിൽനിന്ന് അധികമൊന്നും പുറത്തിറങ്ങിയിട്ടില്ല. മൂന്ന് വാല്യം വരുന്ന ഒരു ഉർദു-ഇംഗ്ലീഷ് നിഘണ്ടു എഴുതിത്തീർക്കുകയായിരുന്നു അദ്ദേഹം. ഉർദു ഭാഷാ ചരിത്രത്തിലെ ഒരു അപൂർവ നേട്ടമായി ഇത് എണ്ണപ്പെടാതിരിക്കില്ല. ഉർദുവിൽ പ്രചാരത്തിലുള്ള ഒമ്പതു ലക്ഷം വാക്കുകളാണ് മുജ്തഹിദി ഇതിൽ സമാഹരിച്ചിരിക്കുന്നത്. ഇതിൽ ദക്കാനി (ദക്ഷിണേന്ത്യൻ ഉർദു), ഇംഗ്ലീഷ്, തുർക്കി, അറബിക്, പേർഷ്യൻ, ഗ്രീക്ക് തുടങ്ങിയവയിൽനിന്ന് കടന്നുവന്ന പദങ്ങളും ഉൾപ്പെടും.

ഏതാണ്ട് ഇതേ സ്വഭാവത്തിലുള്ള ഒരു നിഘണ്ടു രചിക്കപ്പെടുന്നത് 70 വർഷം മുമ്പാണ്. ഡോ. അബ്ദുൽ ഹഖ് ആയിരുന്നു അതിന്റെ കർത്താവ്. ആ കൃതിയിലുള്ളതിനേക്കാൾ എത്രയോ അധികം വാക്കുകളും പ്രയോഗങ്ങളും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മുജ്തഹിദിയുടെ രചന 2,812 പേജുകളിലായി പരന്നുകിടക്കുന്നു. മുൻ കൃതികൾക്കില്ലാത്ത പല പ്രത്യേകതകളും ഇതിനുണ്ട്. ഓരോ പദത്തിന്റെയും ഉൽപത്തി, അതിൽനിന്ന് വ്യുൽപന്നമായ ഒട്ടനേകം പദങ്ങൾ, പ്രയോഗങ്ങൾ, ആപ്തവാക്യങ്ങൾ എന്നിവയെല്ലാം കവിതകളിൽനിന്ന് ഉദാഹരണങ്ങൾ ചേർത്തുകൊണ്ടാണ് വിവരിച്ചിരിക്കുന്നത്. പദങ്ങളുടെയും പ്രയോഗങ്ങളുടെയും സൂക്ഷ്മാർഥങ്ങളും ധ്വനികളും മനസ്സിലാക്കാൻ ഇത് പ്രയോജനപ്പെടുന്നു. ഉർദു വാക്കുകളുടെ അർഥം ഇംഗ്ലീഷിൽ ചേർക്കുന്നതോടൊപ്പം അവയുടെ ഉച്ചാരണവും റോമൻ ലിപിയിൽ എഴുതിയിട്ടുണ്ട്. വാക്കുകളും പ്രയോഗങ്ങളും ഗ്രാമീണമാണോ കാവ്യാത്മകമാണോ നാടൻ മിത്തുകളിൽനിന്നുള്ളതാണോ, പ്രയോഗത്തിലില്ലാത്തതും കാലഹരണപ്പെട്ടതുമാണോ എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഓരോ പദത്തിൽനിന്നും നിഷ്പന്നമായ ഒട്ടനവധി വാക്കുകളെയും പ്രയോഗങ്ങളെയും കണ്ടെത്താനും മുജ്തഹിദിക്ക് കഴിഞ്ഞിട്ടുണ്ട്. ഉദാഹരണത്തിന് ദിൽ (ഹൃദയം) എന്ന പദവുമായി ബന്ധപ്പെട്ട വാക്കുകളും പ്രയോഗങ്ങളും അറുനൂറോളം വരും. ആങ്ക് (കണ്ണ്) എന്ന വാക്കുമായി ബന്ധപ്പെട്ട 350 എൻട്രികളുണ്ട്.

ആന്ധ്രപ്രദേശ് ഗവൺമെന്റിന്റെ കീഴിലുള്ള വിവർത്തന വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടറായിരുന്ന മുജ്തഹിദി ജോലിയിൽനിന്ന് വിരമിച്ച ശേഷമാണ് നിഘണ്ടു രചനയിൽ മുഴുകിയത്. ദിനംപ്രതി ഉർദു ഭാഷയിലേക്ക് കടന്നുവരുന്ന വാക്കുകളും പ്രയോഗങ്ങളും പുതിയ ഒരു നിഘണ്ടുവിന്റെ ആവശ്യകത അദ്ദേഹത്തെ ബോധ്യപ്പെടുത്തുകയായിരുന്നു. അക്ഷരപ്രേമിയായ ഇദ്ദേഹത്തിന്റെ വീടിന്റെ പേര് 'നിഘണ്ടു ഭവനം' (ലുഗത് ഘർ) എന്നാണ്. ഹൈദറാബാദിലെ സയ്യിദ് ഹാശിം മെമ്മോറിയൽ ഫൗണ്ടേഷന്റെ ചെയർമാൻ സയ്യിദ് അബ്ദുൽ ഖാദിർ ജീലാനിയാണ് ഇതിന്റെ പ്രസാധനം ഏറ്റെടുത്തിരിക്കുന്നത്. ചിക്കാഗോ യൂനിവേഴ്സിറ്റി അതിന്റെ വെബ്സൈറ്റിൽ ഈ നിഘണ്ടു ഉൾപ്പെടുത്താനിടയുണ്ട്. സി.ഡിയും ഉടൻ ലഭ്യമാവും. കൂടുതൽ വിവരങ്ങൾക്ക് Dr. Yakoob Miran Mujtahedi, Dictionary House, 16-3-807, Chanchalguda, Hyderabad-500024, Ph: 040-24577172. Email: mujtahedisdictionary@yahoo.co.in ■

## ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ആഗോള കൂട്ടായ്മ

ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള പുതിയ മുസ്‌ലിം ആഗോള കൂട്ടായ്മയാണ് വേൾഡ് കോൺഗ്രസ് ഓഫ് മുസ്‌ലിം ഫിലാന്ത്രോപിറ്റ്സ് (WCMP). അമേരിക്കൻ സംസ്ഥാനമായ ഇല്ലിനോയ്സിലെ ഓക്ബ്രൂക്കിൽ കഴിഞ്ഞ മാർച്ചിലായിരുന്നു ഇതിന്റെ രൂപവത്കരണം. "ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്ന മുസ്‌ലിം വ്യക്തികളെയും സംഘടനകളെയും ബന്ധിപ്പിക്കുകയും അവർക്ക് മാർഗനിർദേശങ്ങൾ നൽകുകയുമാണ് സംഘടനയുടെ ലക്ഷ്യം. ഇതുവഴി ലോകസമൂഹം നടത്തുന്ന മനുഷ്യ കാരുണ്യ പ്രവർത്തനങ്ങളിൽ മുസ്‌ലിംകൾക്ക് നേതൃപരമായ പങ്ക് വഹിക്കാനാകുമെന്ന് ഞങ്ങൾ കരുതുന്നു"-സംഘടനയുടെ സ്ഥാപകനും സ്റ്റിയറിംഗ് കമ്മിറ്റി ചെയർമാനുമായ ഡോ. താരിഖ് ചീമ പറഞ്ഞു. ടിപ്പു അഹ്‌മദ്, മുനീർ അലിയ്യുദ്ദീൻ, ഫൈസൽ ഖാൻ, ഇംതിയാസ് അഹ്‌മദ്, അൻജലാ മെയ്സി, തൻസീം ഖദീർ എന്നിവരാണ് സ്റ്റിയറിംഗ് കമ്മിറ്റി അംഗങ്ങൾ.

WCMP-യുടെ ആദ്യ അന്താരാഷ്ട്ര സമ്മേളനം 2008 മാർച്ച് 22,23,24 തീയതികളിൽ ഇസ്തംബൂളിൽ നടക്കുമെന്ന് സംഘാടകർ അറിയിച്ചു. കൂടുതൽ വിവരങ്ങൾ സംഘടനയുടെ ഔദ്യോഗിക വെബ്സൈറ്റായ www.thewcmp.net-ൽനിന്ന് ലഭിക്കും. വിലാസം: WCMP, P.O Box: 3654, Oak Brook, Illinois, 60522, USA. Ph: 001-630-2422792. Email: info@thewcmp.net ■